## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5413** **01.07.2014 ലെ മറുപടിയ്ക്ക്**

## കെ. എസ്. എഫ്. ഇ. വായ്പ അനുവദിക്കുന്നത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. തിലോത്തമൻ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ.യുടെ മൊത്തം നിക്ഷേപ-ലോൺ അനുപാതം എത്രയാണെന്നു പറയുമോ; ഈ നിർദ്ദിഷ്ട റേഷ്യോ പാലിച്ചുകൊണ്ടാണോ സംസ്ഥാന വ്യാപകമായി കെ.എസ്. എഫ്.ഇ. വായ്പ അനുവദിക്കുന്നത് എന്നു പറയുമോ; മൊത്തം ഡിപ്പോസിറ്റ് തുകയുടെ എത്ര ശതമാനം നിലവിൽ വായ്പയായി നൽകിയിട്ടുണ്ടെന്നു പറയുമോ ; | (എ) | 31.03.2014 - ലെ കണക്കനുസരിച്ച് നിക്ഷേപ ലോൺ അനുപാതം 100:49 ആണ്. ഈ റേഷ്യോ ഉയർത്തികൊണ്ടുവരുവാനാണ് കെ.എസ്.എഫ്.ഇ. ശ്രമിക്കുന്നത്. മൊത്തം ഡിപ്പോസിറ്റ് തുകയുടെ 49 ശതമാനം നിലവിൽ വായ്പയായി നൽകിയിട്ടുണ്ട്. |
| (ബി) | ചിട്ടി തവണ മുടക്കുന്നവരുടെ എണ്ണം കൂടിവരുന്നതിനാൽ ചിട്ടി അടിയ്ക്കുന്നവർക്ക് പണം നൽകാൻ ഡിപ്പോസിറ്റ് തുക വ്യാപകമായി ഉപയോഗിക്കുകയാണെന്നും വായ്പകൾ നൽകുന്നത് കുറവാണെന്നുമുള്ള കാര്യം ശരിയാണോയെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ചിട്ടി കിട്ടിയവർക്ക് ചിട്ടി പണം നിശ്ചിത സമയത്തിനകം നൽകേണ്ടതാണ്. ഒരു ചിട്ടിയിൽ എല്ലാവരും മാസത്തവണകൾ കൃത്യമായി അടയ്ക്കുകയും അതിൽ ഒരാൾക്ക് ചിട്ടി പണം നൽകുകയും ചെയ്യുക എന്നതാണ് ചിട്ടിയുടെ അടിസ്ഥാന തത്വം. എന്നാൽ സ്വാഭാവികമായും പലകാരണ ങ്ങൾകൊണ്ടും എല്ലാവരിക്കാരും ഇത്തരത്തിൽ മാസത്തവണകൾ കൃത്യമായി അടയ്ക്കാറില്ല. അതിനാൽ മാസത്തവണകൾ അടയ്ക്കാത്തവരുടെ സംഖ്യ കൂടി കമ്പനിയുടെ കയ്യിൽ നിന്നും എടുത്താണ് ചിട്ടിപ്പണം നൽകാറുള്ളത്. ബിസിനസ്സ് മുന്നോട്ടു |

കൊണ്ടുപോകുവാൻ ഒരളവുവരെ ഇപ്രകാരം ചെയ്യേണ്ടതായി വരും. എന്നാൽ വായ്പകൾ നൽകുന്നതിന് യാതൊരു തടസ്സവുമുണ്ടായിട്ടില്ല.

| | | | |
|---|---|---|---|
| (സി) | കെ.എസ്.എഫ്.ഇ. ഡിപ്പോസിറ്റ് തുകയിൽ ലോൺ നൽകുന്നതിൻെറ ബാക്കി തുക എന്തിനാണ് വിനിയോഗിക്കുന്നത് എന്നു വ്യക്തമാക്കുമോ; | (സി) | കെ.എസ്.എഫ്.ഇ. ഡിപ്പോസിറ്റ് തുകയിൽ ലോൺ നൽകുന്നതിൻെറ ബാക്കി തുക പ്രവർത്തനമൂലധനമായിട്ടും മിച്ചം വരുന്നത് ട്രഷറിയിൽ വിവിധകാലയളവിലേയ്ക്കുള്ള നിക്ഷേപമായും വിനി യോഗിച്ചിട്ടുണ്ട്. ഇപ്പോൾ ഈ നിക്ഷേപം 837 കോടി രൂപയാണ്. |
| (ഡി) | ഈ കാരണങ്ങളുടെ പേരിൽ വരും നാളുകളിൽ കെ.എസ്.എഫ്.ഇ. സാമ്പത്തിക പ്രതിസന്ധിയെ നേരിടുമെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ? | (ഡി) | കെ.എസ്.എഫ്.ഇ. യുടെ സാമ്പത്തിക അടിത്തറ ഭദ്രമാകയാൽ ഇത്തരം ആശങ്കകൾക്ക് അടിസ്ഥാനമില്ല. |

സെക്ഷൻ ഓഫീസർ.